(ബി-ഡി) പ്രസ്തുത അപേക്ഷയിലെ ആവശ്യം വൈദ്യുതി ബോർഡ് പരിശോധിക്കുകയുണ്ടായി. കളക്ഷൻ സെന്റർ തുടങ്ങാൻ നിർദ്ദേശിച്ച ചെംപിളാവ് എന്ന സ്ഥലം കിടങ്ങൂർ പഞ്ചായത്തിലാണ്. ഇതേ പഞ്ചായത്തിൽ തന്നെ ഉദ്ദേശം 3 കി. മീ മാറി ചേർപ്പുങ്കൽ എന്ന സ്ഥലത്ത് ഇപ്പോൾ ഒരു കളക്ഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള നടപടി ക്രമമനുസരിച്ച് ഒരു പഞ്ചായത്തിൽ ഒരു സെന്റർ പ്രവർത്തിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. അപേക്ഷയിൽ ആവശ്യപ്പെട്ട സ്ഥലത്ത് ഏകദേശം 700 ഉപഭോക്താക്കൾ മാത്രമാണുള്ളത്. അതുകൊണ്ട് ചെംപിളാവിൽ ഒരു കളക്ഷൻ സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

എസ്. എൻ. സി. ലാവലിൻ കമ്പനിയ്ക്ക് കോൺട്രാക്ട് നൽകിയ നടപടി

102 (1769) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാനഡ കേന്ദ്രമായുള്ള എസ്. എൻ. സി. ലാവലിൻ കമ്പനിയ്ക്ക് കെ. എസ്. ഇ.ബി. യുടെ ഏതെല്ലാം പണിയുടെ കോൺട്രാക്ടാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രോജക്ടിന്റെയും പ്രസ്തുത കമ്പനിയുമായി എന്തു തുകയ്ക്കുള്ള കരാറാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) 1996 മേയ് മുതൽ 2000 ഫെബ്രുവരി 15 വരെ പ്രസ്തുത കമ്പനിയ്ക്ക് കെ. എസ്. ഇ. ബി. എന്ത് തുക ഇതിനകം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കമ്പനിയ്ക്ക് നൽകിയ കോൺട്രാക്ട് വർക്കുകൾ ടെണ്ടർ വിളിച്ചാണോ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോ ടെണ്ടറിനും ഏതെല്ലാം കമ്പനികളാണ് പങ്കെടുത്തിരുന്നതെന്നും ഓരോ കമ്പനിയും എന്തു തുക വീതമാണ് ക്വാട്ട് ചെയ്തിട്ടുള്ളതെന്നും വെളിപ്പെടുത്താമോ ;

(എഫ്) ടെണ്ടർ വിളിക്കാതെ ഏതെല്ലാം വർക്കുകളാണ് പ്രസ്തുത എസ്. എൻ. സി. ലാവലിൻ കമ്പനിയ്ക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ജി) ടെണ്ടർ വിളിക്കാതെ പ്രസ്തുത കമ്പനിയ്ക്ക് വർക്ക് നൽകാൻ കെ. എസ്. ഇ. ബി. യെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് ;

(എച്ച്) ടെണ്ടർ വിളിക്കാതെ വർക്ക് നൽകിയതിനെ സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ വന്ന ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) പ്രസ്തുത ആരോപണങ്ങളെക്കുറിച്ച് ഒരു സി. ബി. ഐ. അന്വേഷണത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 29-5-1995-ലും 24-2-1996-ലും ഒപ്പുവച്ച എഗ്രിമെന്റുകളുടെ അടിസ്ഥാനത്തിലാണ് എസ്. എൽ. സി. ലാവലിൻ കമ്പനിയ്ക്ക് കെ. എസ്. ഇ. ബി. യുടെ പണികൾ കോൺട്രാക്ട് നൽകിയിട്ടുള്ളത്.

(ബി) ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടുകളുടെ കരാർ തുക താഴെ പറയും പ്രകാരമാണ്.

കുറ്റ്യാടി എക്സ്റ്റൻഷൻ - മൊത്തം കരാർ തുക 3,13,08,386 കനേഡിയൻ ഡോളർ.

പള്ളിവാസൽ, ചെങ്കുളം പന്നിയാർ പദ്ധതികളുടെ നവീകരണം - മൊത്തം കരാർ തുക 5,99,48,740 കനേഡിയൻ ഡോളർ.

(സി) 5,10,15,467.42 കനേഡിയൻ ഡോളർ.

(ഡി-ജി) ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ജോലികൾ കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെയും പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം സംബന്ധിച്ചുള്ള ജോലികളുമാണ് ഇപ്രകാരം നൽകിയിട്ടുള്ളത്. ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകിയതായതുകൊണ്ട് ടെണ്ടർ വിളിക്കേണ്ടി വന്നില്ല.

(എച്ച്) ഇത് സംബന്ധിച്ച് ചില പത്ര റിപ്പോർട്ടുകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഐ) സി. ബി. ഐ. അന്വേഷണത്തിന് പ്രസക്തിയില്ല.

വൈദ്യുതി ബോർഡ് ലാഭകേന്ദ്രങ്ങളുടെ നവീകരണം

103 (1770) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി :
ഡോ. എം. എ. കുട്ടപ്പൻ : താഴെകാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈദ്യുതി ബോർഡ് ലാഭകേന്ദ്രങ്ങളുടെ രൂപീകരണ നടപടികൾ നിർത്തിവയ്ക്കുവാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

ഇല്ല.

മഞ്ചേരിയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 33 കെ. വി സബ്സ്റ്റേഷൻ

104 (1771) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly